ൻെറ അന്തരീക്ഷം ഇന്ത്യയിൽ ഇന്നു നിലനില്ക്കുന്നുണ്ട്. നിർമാണാത്മകങ്ങളായ കൂടിയാലോചനകൾക്ക് അനുകൂലമാണ് ഈ സാഹചര്യം. പുറമേനിന്നുള്ള ഇടപെടൽ ഒഴിവാക്കി, തികച്ചും പ്രാദേശികതലത്തിൽ മാത്രമേ രാമജന്മഭൂമിപ്രശ്നം രമ്യമായി പരിഹരിക്കാനാകൂ എന്ന കാര്യത്തിൽ സംശയമില്ല.

മജ്ഹബ് നഹീം സിഖാതാ
ആപസ് മേം വൈര രഖനാ
ഹിന്ദീ ഹൈം ഹം; വതൻ ഹൈ
ഹിന്ദോസ്ഥാൻ ഹമാരാ

(തമ്മിൽ വൈരം പുലർത്താൻ മതം നമ്മെ പഠിപ്പിക്കുന്നില്ല. നാം ഇന്ത്യക്കാരാണ്; ജന്മഭൂമിയായ ഇന്ത്യ നമ്മുടേതാണ്) എന്ന ബോധം ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ലിങ്ങളുമായ മതനേതാക്കൾക്ക കൈവന്നാൽ ഇവിടെ ഒരു പ്രശ്നവും പരിഹരിക്കുക അസാദ്ധ്യമായിരിക്കുകയില്ല.

(19 ഒക്ടോബർ 1987)

# 37. കൊല്ലം—ഒരു കോളറ നഗരം?

കൊല്ലത്തിൻെറ പഴയ പേര് 'കൊളംബനഗരം' എന്നായിരുന്നു. അടുത്ത ഭാവിയിൽ അതിൻെറ പേര് 'കോളറനഗരം' എന്നാവുമോ?

എന്തിനു് ഭാവിയിൽ? ഇപ്പോൾത്തന്നെ കേരളത്തിലെ 'കോളറ നഗരം' ആയിക്കഴിഞ്ഞിട്ടുണ്ട് കൊല്ലം. കോളറയും അതിൻെറ വകഭേദമായ ഗാസ്ട്രോ—എൻടെറൈററിസും ആണ്ടുതോറും കൊല്ലം നഗരത്തെ സന്ദർശിച്ചുവരുന്നുണ്ട്. ലഘുവായിട്ടല്ല, ഒട്ടുകാര്യമായിത്തന്നെ.

1982—ാമാണ്ടിൽ ഈ രണ്ടു രോഗങ്ങളും ബാധിച്ച 563 രോഗികൾ ആസ്പത്രികളിലെത്തിയതായി റിക്കാർഡുകളിൽ കാണുന്നു. ഇവരിൽ അമ്പത്താറു രോഗികൾ മരിച്ചു. 1983—ാമാണ്ടിൽ ഇരുന്നൂററമ്പതുരോഗികളാണത്രെ കോളറയും ഗാസ്ട്രോ— എൻടെറൈററിസും ബാധിച്ച് ആസ്പത്രികളിലെത്തിയതു്. ഇവരിൽ ഇരുപത്താറുപേർ മരിച്ചു. 1934—ലും 1985—ലും 1986—ലും എത്ര കോളറ—ഗാസ്ട്രോ എൻടെറൈററിസ് രോഗികൾ ആസ്പത്രികളിലെത്തിയെന്നറിഞ്ഞുകൂട. എങ്കിലും 1984—ൽ പന്ത്രണ്ടുപേരും 1985—ൽ ഏഴുപേരും 1986—ൽ എട്ടു പേരും ഈ രോഗങ്ങൾമൂലം ആസ്പത്രികളിൽ മരിച്ചതായി കണക്കുകൾ കാണുന്നു. 1987—ൽ സെപ്തംബർ 21 മുതൽ ഒക്ടോബർ 27 വരെ അഞ്ചാഴ്ചകളിൽ 283 കോളറ-ഗാസ്ട്രോ എൻടെറൈററിസ് രോഗികൾ ആസ്പത്രികളിലെത്തി; ഇവരിൽ പതിനേട്ടുപേർ മരിക്കുകയുംചെയ്തു. രോഗികളുടെ വരവ് ഇനിയും നിലച്ചിട്ടില്ല.

ഈ കണക്കുകൾ 1987 ഒക്ടോബർ 29—ലെ 'ഹിന്ദു' പത്രത്തിൽ കണ്ടവയാണ്. ലേഖകനു് ഇവ കിട്ടിയതു് ജില്ലാകളക്ടറിൽനിന്നാവാം. അതിനാൽ ഇവ സർക്കാർ ആസ്പത്രികളിലെ രേഖകളെ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ ആയിരിക്കണം. ആസ്പത്രിയിലെത്താതെയും, എത്തിയാൽത്തന്നെ കണക്കിൽപ്പെടാതെയും, എത്ര കോളറ ഗാസ്ട്രോ എൻടെറൈററിസ് മരണങ്ങൾ സംഭവിച്ചു എന്നു് ഊഹിക്കാനേ പററൂ.

കൊല്ലത്തെ കോളറ സർക്കാരിൻെറ ശ്രദ്ധയിൽപെടാതിരുന്നില്ല. എം. എൽ. എ.മാരും മന്ത്രിമാരും മററും കോളറ ബാധിച്ച കൊല്ലം

കാണാൻ വന്ന വാർത്ത പത്രങ്ങളിലുണ്ടായിരുന്നു. ഇതിനകം മുപ്പത്തീരായിരം ആളുകൾക്ക് കോളറ തടയാനുള്ള കുത്തിവെയ്പ്പ് നൽകിയതായി സർക്കാർ പറയുന്നുണ്ട്. കിണറുകളിൽ ക്ലോറിൻ കലക്കുക, നഗരത്തിൽ വിതരണംചെയ്യുന്ന വെള്ളത്തിൽ ക്ലോറിന്റെ അളവു കൂട്ടുക, അഴുക്കുചാലുകൾ വൃത്തിയാക്കുക, ചപ്പുചവറുകൾ നീക്കംചെയ്യുക മുതലായ പ്രവൃത്തനങ്ങളും വലിയ തോതിലുള്ള ആരോഗ്യവിദ്യാഭ്യാസപ്രചാരണവും നടന്നുവരുന്നതായി ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

കോളറ പകരുന്നത് ജലത്തിലൂടെയാകയാൽ, വിതരണംചെയ്യുന്ന ജലം ശുദ്ധീകരിക്കുകയാണ് ഒന്നാമത്തെയും ഒടുവിലത്തെയും കോളറ നിവാരണ നടപടി. കൊല്ലത്തെ ജലവിതരണ വ്യവസ്ഥ കൊള്ളരുതായ്മയുടെയും അശ്രദ്ധയുടെയും ഏറ്റവും വലിയ ഉദാഹരണമായി മാറിയിട്ട് എത്രയോ വർഷങ്ങളായി.

ശാസ്താംകോട്ട കായലിൽ ആവശ്യത്തിനു ശുദ്ധജലമുണ്ട്. അതു പൈപ്പുകളിലൂടെ കൊല്ലത്തുകൊണ്ടുവന്നു ടാപ്പുകളിലൂടെ ജനങ്ങൾക്കു നൽകുകയേ വേണ്ടൂ. നീക്കാനാവാത്ത യാതൊരു പ്രയാസവും ഈ പ്രക്രിയയിലില്ല. സാങ്കേതിക വൈഷമ്യങ്ങളെപ്പററിയും ആർക്കും ഒരാവലാതിയും പറയാനില്ല.

എന്നിട്ടെന്താണ്? കൊല്ലത്തു ടാപ്പുകളിൽ വെള്ളം കിട്ടുന്ന ദിവസങ്ങൾ കുറവാണ്. വെള്ളം എപ്പോൾ തുറന്നുവിടുമെന്നോ എപ്പോൾ അടച്ചിടുമെന്നോ മുനിസിപ്പാലിററി പറയാറില്ല. വന്നാൽ വന്നു; പോയാൽ പോയി—അത്രതന്നെ. എന്നാലും, കുററം പറയരുതല്ലോ, അവർ കൃത്യമായി ജലനികുതി പിരിക്കുന്നുണ്ട്. അതിനാലാകണം, വെള്ളം കിട്ടാത്തതിനെച്ചൊല്ലി എന്തെങ്കിലും പരാതിയോ പ്രക്ഷോഭമോ ജാഥയോ വഴിതടയലോ ധർണയോ ഘെരാവോയോ കൊല്ലത്ത് ഉണ്ടായതായി ചരിത്രമില്ല.

ഇന്നലെ രാവിലെ ടാപ്പിൽ വെള്ളമില്ലാതായതാണ്. ഇന്നു രാവിലെ അഞ്ചോ,ആറോ മിനിററു നേരം ടാപ്പ് വെള്ളം ചുരത്തി. കഷ്ടിച്ച് ഒരു ബക്കററ്. പിന്നെ കുറേനേരം ടാപ്പ് ചീററി. ഒടുവിൽ ആ ശബ്ദവും നിലച്ചു. ഇനി ടാപ്പിൽ വെള്ളംവരിക എപ്പോഴായിരിക്കും?ആർക്ക് അറിയാം?

ബക്കററിൽ പിടിച്ചുവെച്ച വെള്ളം നുരയും പതയും കലങ്ങലുമുള്ളതാണ്. അനക്കാതെവെച്ചാൽ അടിയിൽ കട്ടിയിൽ ചെളി ഊറും. ചെളിക്ക് ഏററക്കുറച്ചിൽ കാണാമെന്നല്ലാതെ, ഒരിക്കലും ചെളിയില്ലാത്ത വെള്ളം കൊല്ലത്തു ടാപ്പിൽ കിട്ടാറില്ല.

എന്തുകൊണ്ട് ഇത്രയും ചെളി? ഇതിന്റെ കാരണം ഞാൻ പലരോടും അന്വേഷിച്ചിട്ടുണ്ട്. മുമ്പു കൊല്ലം കളക്ടറായിരുന്ന ശ്രീ ഗോപാൽ കൃഷ്ണപിള്ള എന്നോടു പറഞ്ഞത് ഇതാണ്: ശാസ്താംകോട്ടയിൽ കൊല്ലത്തെത്തുന്നതിനിടയിൽ വെള്ളം ഒഴുകുന്ന സിമൻറ്പൈപ്പ് പല കായലുകളിലൂടെയും കടന്നുവരുന്നുണ്ട്. കായലിനടിയിൽ, പൈപ്പിൽ പൊട്ടുകളുണ്ടായാൽ കണ്ടുപിടിക്കാൻ പ്രയാസമാണ്. അവയിലൂടെ ചെളിയും വെള്ളവും പൈപ്പിൽ കടക്കുകയെന്നത് അനിവാര്യവുമാണ്. കൊല്ലത്തു വിതരണംചെയ്യുന്ന പൈപ്പുവെള്ളത്തിൽ കാണുന്ന ചെളി കായലുകളിലേതാണ്.

കൊല്ലത്തു വിതരണംചെയ്യുന്ന വെള്ളം ഒരു മാസക്കാലം ദിവസേന അപഗ്രഥിച്ച്, അതിലെ മാലിന്യങ്ങളുടെ കണക്കു പ്രസിദ്ധീകരിക്കുവാൻ പരിസരസംരക്ഷണത്തിൽ താല്പര്യമുള്ള പലരോടും ഞാൻ അഭ്യർത്ഥിക്കുകയുണ്ടായി. ടി. കെ. എം. എൻജിനീയറിങ് കോളേജിലെയോ, മറേറതെങ്കിലും കോളേജിലെയോ ലാബറട്ടറിയിൽ ചെയ്യാവുന്ന

താണ്‌ ഈ പഠനം. എന്തുകൊണ്ടോ, ആർക്കും ഇക്കാര്യത്തിൽ യാതൊരു താല്പര്യവും ഇന്നോളം ഉണ്ടായിട്ടില്ല.

കൊല്ലത്തെ ഏതാനും ടാപ്പുകളിൽ നിന്നെടുത്ത വെള്ളം തിരുവനന്തപുരത്തെ പൊതുജനാരോഗ്യവകുപ്പു ലാബറട്ടറിയിൽ ഈയിടെ പരിശോധിച്ചപ്പോൾ, 'രോഗബീജങ്ങളടങ്ങിയ വെള്ളമാണ്‌ മുനിസിപ്പാലിററി വിതരണംചെയ്യുന്നതു്' എന്ന ഞെട്ടിക്കുന്ന സത്യം വെളിപ്പെട്ടു' എന്നാണ്‌ 'ഹിന്ദു' ലേഖകൻ പറയുന്നതു്. വിതരണംചെയ്യുന്ന വെള്ളത്തിൽ രോഗാണുനാശത്തിനു പര്യാപ്തമായ തോതിൽ ക്ലോറിൻ കലർത്തിയിരുന്നില്ല. പലേടത്തും പൈപ്പുകൾ തുരുമ്പിച്ചു കേടുവന്നിരുന്നതിനാൽ അഴുക്കുചാലിലെ വെള്ളം വിതരണംചെയ്യപ്പെടുന്ന വെള്ളത്തിൽ കലരുകയുംചെയ്തിരുന്നു.

കൊല്ലം നഗരനിവാസികളേ, നിങ്ങൾ ഈ വിഷജലം കടിക്കാൻ ശപിക്കപ്പെട്ടിരിക്കുന്നു.

എന്തുകൊണ്ടു് ഇങ്ങനെ? അധികൃതർക്കു പല ഒഴികഴിവുകളുമുണ്ടു്. ഇൻഡോ—നോർവീജിയൻ പ്രോജക്ട്‌ അനുസരിച്ചു് ഇരുപത്തഞ്ചു വർഷം മുമ്പു സ്ഥാപിച്ച പ്രിമോപൈപ്പുകളിലൂടെയാണ്‌ ശാസ്താംകോട്ട വെള്ളം കൊല്ലത്തു് എത്തേണ്ടതു്. ഈ പൈപ്പുകൾ എളുപ്പത്തിൽ പൊട്ടിപ്പോകുന്നവയാണ്‌. പത്തുവർഷം മുമ്പു് ഇവ മാററി സ്ഥാപിക്കേണ്ടതായിരുന്നു.

പൈപ്പുകൾ പൊട്ടിയാൽ കേടുതീർക്കേണ്ടതു് മുനിസിപ്പാലിററിയാണ്‌. മുനിസിപ്പാലിററിയിൽ ഈ കാര്യത്തിനു വേണ്ടത്ര സ്റ്റാഫില്ല. ഉള്ളതു് ഒരു എൻജിനീയറും രണ്ടു് ഇൻസ്പെക്ടർമാരും ഒരു പ്ലംബറും രണ്ടു് ഫിററർമാരുമാണ്‌. അവർക്കു് എടുക്കാവുന്നതിൽ കൂടുതൽ പണി എന്നും ഉണ്ടായിക്കൊണ്ടിരിക്കും.

എന്തുകൊണ്ടു് ഈ സിമൻറുപൈപ്പുകൾ കൂടെക്കൂടെ പൊട്ടുന്നു? ഒരു എൻജിനീയർ പകുതി തമാശയായും പകുതി ഗൗരവത്തിലും എന്നോടു പറയുകയുണ്ടായി: 'സാറേ, നിങ്ങൾക്കു് ഒരു പൈപ്പ്‌ പൊട്ടുക എന്നതിനർത്ഥം കുറേനേരത്തേക്കു കുടിവെള്ളം മുടങ്ങുക എന്നതാണ്‌. ഞങ്ങൾക്കോ? ഒരു പൈപ്പ്‌ പൊട്ടുക എന്നതിനു ഞങ്ങൾ കാണുന്ന അർത്ഥം ഒരു കൺട്രാക്ട്‌ നൽകുക, ഒരു പണിനടത്തിയ്ക്കുക, ഖജനാവിലെ കുറെ പണം പല തലങ്ങളിലായി വിതരംചെയ്യുക എന്നതാണ്‌. ഞങ്ങൾ ജീവിച്ചുപോരുന്നതു് ഇങ്ങനെയൊക്കെയാണ്‌.'

ഇതിനൊന്നും ഒരു പരിഹാരവും ഇല്ല.

കൊല്ലത്തെ ജലവിതരണം നഗരനിവാസികളുടെ ആരോഗ്യത്തിനു വലിയ വിപത്താണ്‌. അതിനേക്കാൾ കൂടുതൽ ആപല്ക്കരമാണ്‌ കൊല്ലത്തെ ഡ്രെയ്നേജ്‌ പദ്ധതി. നഗരത്തിലെ മലം ഭൂമിക്കടിയിൽ സ്ഥാപിച്ച പൈപ്പുകളിലൂടെ കൊണ്ടുപോയി, ഒരിടത്തു ശേഖരിച്ചു്, വളവും വെള്ളവുമായി വേർതിരിച്ചു്, വളം ഉപയോഗിക്കാനും വെള്ളം ഒഴുക്കിക്കളയാനും ഉദ്ദേശിച്ചുള്ളതാണ്‌ ഈ പദ്ധതി. പക്ഷേ, മലം സംസ്കരിക്കുന്നതിനുള്ള സംവിധാനം (ട്രീററ്മെൻറ്‌ പ്ലാൻറ്‌) എവിടെ സ്ഥാപിക്കണമെന്ന കാര്യത്തിൽ ഇനിയും ഒരു തീരുമാനം ഉണ്ടായിട്ടില്ലെന്നാണ്‌ എൻെറ അറിവു്. വളം നീക്കിയ വെള്ളം എവിടെ കളയണമെന്നും അറിഞ്ഞുകൂടാ. അതു് അഷ്ടമുടിക്കായലിലോ കടലിലോ തള്ളാനാണ്‌ ഉദ്ദേശമെന്നു പറഞ്ഞുകേൾക്കുന്നു.

ഡ്രെയ്നേജ്‌ പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടില്ലെങ്കിലും, കോടിക്കണക്കിനു രൂപ അതിൽ മുടക്കിക്കഴിഞ്ഞു. ലോകബാങ്കിൽനിന്നു കിട്ടുന്ന കടം കൺട്രാക്ടർമാർവഴി പല തലങ്ങളിൽ വിതരണംചെയ്യേണ്ടതു് സർക്കാരിൻെറ നീട്ടിവയ്ക്കാനാവാത്ത ആവശ്യമായിരുന്നു.

അതിനാൽ നഗരത്തിൽ പലേടത്തും റോഡ് കുഴിച്ചു പൈപ്പുകളിട്ടു. ഒററപ്പെട്ടു കിടക്കുന്ന ഈ പൈപ്പുകൾ പരസ്പരം ഘടിപ്പിക്കാനാവുമോ? മലജലം ഒഴുകിപ്പോകാൻവേണ്ട ചെരിവ് നിലനിർത്തിയാണോ ഇവ സ്ഥാപിച്ചിട്ടുള്ളത്? ഇതിനകം ഇവയാകെ മണ്ണും ചെളിയും വന്നുമൂടി ഉപയോഗത്തിനു പററാത്തവ ആയിത്തീർന്നിട്ടില്ലേ? എന്നെങ്കിലുമൊരു കാലത്ത് കൊല്ലം ഡ്രെയ്നേജ് പദ്ധതി നടപ്പിൽവരുമോ?

ഏതായാലും, ഈ ചളിക്കുഴലുകൾക്കു മീതെയാണ് കൊല്ലംനഗരം, ഇപ്പോൾ. ഓരോ വർഷം കഴിയുംതോറും ഭൂമിക്കടിയിലെ ഈ മാലിന്യം ഏറിക്കൊണ്ടിരിക്കും. ഒഴുക്കില്ലാതെ അതു കെട്ടിനിൽക്കുകയാണല്ലോ. ക്രമത്തിൽ, കുടിക്കുന്ന വെള്ളത്തിലൂടെ ഈ ചളിയെല്ലാം നഗരവാസികളുടെ വയററിലും എത്തും.

ഈ ആണ്ടിലെ കോളറ–ഗാസ്ട്രോ എൻടെറിററിസ് സീസൺ കൊല്ലത്ത് അവസാനിച്ചിട്ടില്ല. എങ്കിലും, നാല്–അഞ്ച് ആഴ്ചകൾ കൊണ്ട് അതിന്റെ വാർത്താപ്രാധാന്യം നശിച്ചിരിക്കുന്നു. അടുത്ത ആണ്ടിൽ, കാലവർഷാരംഭത്തോടെ ഈ രോഗങ്ങൾ, നവീകരിച്ച ശക്തിയോടെ വീണ്ടും പ്രത്യക്ഷപ്പെടുമെന്നാണു കരുതേണ്ടത്.

ഇനി ഇക്കാര്യത്തെപ്പററി അപ്പോൾ ആലോചിക്കാം, അല്ലേ?

(6 ഡിസംബർ, 1987)

# 38. സതിയും സ്ത്രീവിദ്യാഭ്യാസവും

രാജസ്ഥാൻ സ്റ്റേററിൽ, ജയ്പൂർ–ദില്ലി റോഡിൽനിന്ന് അമ്പതുമൈൽ അകന്ന്, അജിത്ഗഢ് എന്ന ചെറുനഗരത്തിൽനിന്ന് അഞ്ചു കിലോമീററർ ദൂരത്തിലുള്ള ദേവരാലാ എന്ന ഗ്രാമത്തിൽ, 1987 സെപ്തംബർ 4–ാം തീയതി നടന്ന ഒരു സംഭവം ഇതിനകം ലോകപ്രസിദ്ധിയോ, ലോകകുപ്രസിദ്ധിയോ നേടിക്കഴിഞ്ഞിട്ടുണ്ട്. രൂപ്കൻവർ എന്ന പതിനെട്ടു വയസ്സായ ഒരു പെൺകുട്ടി, തന്റെ ഭർത്താവായിരുന്ന മാൽസിംഹ് എന്ന യുവാവിന്റെ ശവശരീരത്തോടൊപ്പം, അന്നു ചിതയിലെരിഞ്ഞു ചാരവും ഐതിഹ്യവുമായി മാറി.

സുമേർസിംഹ് എന്ന ഒരു അദ്ധ്യാപകന്റെ പുത്രനായിരുന്ന മാൽസിംഹ് 'സീകർ' എന്ന പട്ടണത്തിലുള്ള ആസ്പത്രിയിൽവെച്ചാണ് സെപ്തംബർ 4–ാം തീയതി മരിച്ചത്. 'ഗാസ്ട്രോ എന്ററൈററിസ്' എന്ന രോഗമായിരുന്നു മരണകാരണമെന്നു ചിലർ പറയുന്നു. മെഡിക്കൽ കോളേജിലേക്കുള്ള എൻട്രൻസ് പരീക്ഷയിൽ രണ്ടാമതും തോററതിനാൽ അയാൾ വിഷം തിന്ന് ആത്മഹത്യചെയ്തതാണെന്നു മററു ചിലരും പറയുന്നു. രൂപ്കൻവറിന്റെ ചിതയേററം സംബന്ധിച്ചുമുണ്ടു വ്യത്യസ്ത വിവരണങ്ങൾ. മാൽസിംഹിന്റെ മൃതദേഹം ആസ്പത്രിയിൽനിന്നു കൊണ്ടുവരുമ്പോൾ ഒപ്പമുണ്ടായിരുന്ന സുമേർസിംഹ് ഏതാണ്ട് അർദ്ധബോധാവസ്ഥയിലായിരുന്നുവത്രേ. ഭർത്താവിന്റെ ശവം കണ്ടു രൂപ്കൻവർ രണ്ടു മിനിററു നേരം കരഞ്ഞു; പിന്നെ മിണ്ടാതായി. പിന്നീട് അവൾ, ഭർത്താവിനോടൊപ്പം താൻ ചിതയേറുകയാണെന്നു പ്രഖ്യാപിച്ചു. ബന്ധുക്കൾ വിലക്കിയിട്ടും അവൾ തന്റെ നിശ്ചയത്തിൽനിന്നു വ്യതിചലിച്ചില്ല. വിവാഹവസ്ത്രങ്ങൾ എടുത്തണിഞ്ഞ് രൂപ്കൻവർ ശ്മശാനത്തിലേക്കു ചെന്നു; ചിതയിൽ കയറിയിരുന്ന്